File No.BCDIR/294/2019-A1

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ – നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം – 695 003
ഫോൺ : 0471 2727378, 0471 2727379

BCDIR/A1/294/19 തീയതി:21/08/2019

## വിജ്ഞാപനം

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തി വരുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ/സോഷ്യൽ സയൻസ്/നിയമം/മാനേജ്മെന്റ് കോഴ്സുകളിൽ (PG, Ph.D കോഴ്സുകൾ മാത്രം) ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാ ഫാറത്തിന്റെ മാതൃകയും, യോഗ്യതാ മാനദണ്ഡങ്ങളും വിശദവിവരങ്ങളും www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. അപേക്ഷകൻ കേരള സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
2. അപേക്ഷകൻ കേരളീയനായിരിക്കണം.
3. ഫസ്റ്റ് ക്ലാസോടെ അല്ലെങ്കിൽ 60% മാർക്കിൽ കുറയാതെ അല്ലെങ്കിൽ സമാന ഗ്രേഡിൽ ബിരുദം നേടിയവരായിരിക്കണം. മേൽയോഗ്യതയോടെ ഏതെങ്കിലും സ്ഥാപനത്തിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണനയുണ്ടാകും. ബിരുദം നേടിയിട്ടുള്ള വിഷയത്തിന്മേൽ ഉപരിപഠനം നടത്തുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുണ്ടാകൂ.
4. പ്രായം 2019 ആഗസ്റ്റ് 1 ന് 40 വയസ്സിൽ താഴെയായിരിക്കണം.
5. അപേക്ഷക/അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
6. ഒരേ രക്ഷാകർത്താക്കളുടെ ഒരു കുട്ടിക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.
7. മുൻ വർഷങ്ങളിൽ അപേക്ഷകനോ, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിലുള്ള മറ്റ് സഹോദരങ്ങൾക്കോ ടി സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ നിലവിൽ അപേക്ഷിക്കേണ്ടതില്ല.
8. അനുബന്ധമായി ചേർത്തിട്ടുള്ള 600 യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹത. മറ്റ് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നവർ യൂണിവേഴ്സിറ്റിയുടേയും പഠിക്കുന്ന കോഴ്സിന്റേയും മേന്മ ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കിയാൽ മാത്രമേ അപേക്ഷ പരിഗണിക്കൂ.
9. അപേക്ഷകർ സ്വന്തം ഉത്തരവാദിത്വത്തിൽ യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ നേടേണ്ടതാണ്.
10. സ്കോളർഷിപ്പ് അനുവദിച്ചതിനുശേഷം കോഴ്സോ പഠനകേന്ദ്രമോ മാറാൻ പാടില്ല
11. സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്നവർ അത് അറിയിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭ്യമാകുന്ന തീയതി മുതൽ ഒരു വർഷ കാലാവധിക്കുള്ളിൽ പ്രസ്തുത സ്ഥാപനത്തിൽ അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യുന്നതാണ്. പിന്നീട് അതുമായി ബന്ധപ്പെട്ട് യാതൊരുവിധ അപേക്ഷകളും

പരിഗണിക്കുന്നതല്ല.

12. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പദ്ധതിയുമായി ബന്ധപ്പെട്ട നിയമാവലിക്കനുസൃതമായി കോഴ്സ് പൂർത്തീകരിച്ചുകൊള്ളാമെന്നും അല്ലാത്ത പക്ഷം മുഴുവൻ സ്കോളർഷിപ്പ് തുകയും സർക്കാർ ചട്ടപ്രകാരം തിരിച്ചടച്ചുകൊള്ളാമെന്നുമുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.
13. കോഴ്സുമായി ബന്ധപ്പെട്ട് പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയിൽ നിന്നോ മറ്റ് സർക്കാർ/ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്കോളർഷിപ്പോ മറ്റ് തരത്തിലുള്ള ധനസഹായമോ ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിശദാംശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്കോളർഷിപ്പ്/ ധനസഹായം ലഭിക്കുന്നവർ വകുപ്പ് നടത്തുന്ന പരിശോധനയിൽ അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മാത്രമേ ഈ വകുപ്പിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ.
14. കോഴ്സ് ഫീ, മെയിന്റനൻസ് ഫീ ഇനങ്ങളിൽ മറ്റെന്തെങ്കിലും ആനുകൂല്യം അപേക്ഷകന് ലഭ്യമാകുന്നുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.
15. സ്കോളർഷിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.
16. പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും 30.09.2019 നകം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, അയ്യൻകാളി ഭവൻ-നാലാം നില, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

<u>പകർപ്പ്</u>

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം).1
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം).2
3. ഐ.ടി ഡിവിഷൻ കോ-ഓർഡിനേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - എറണാകുളം/കോഴിക്കോട്
5. നോട്ടീസ് ബോർഡ്, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ്
6. കരുതൽ/ അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് ★ തിരുവനന്തപുരം-3 ★

അംഗീകാരത്തോടെ
സൂപ്രണ്ട്